**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 575** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>കരുവന്നൂർ വായ്പാ തട്ടിപ്പ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. സുധീർഷാ പാലോട്

ശ്രീ. എം. ആർ. ബൈജു

ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** കരുവന്നൂർ സഹകരണ ബാങ്കിന് 343 കോടി രൂപയുടെ നഷ്ടം വരുത്തിയ വായ്പാ തട്ടിപ്പിൽ ഉൾപ്പെട്ടിട്ടുള്ളവർക്കെതിരെ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന വായ്പ ക്രമക്കേട് സംബന്ധിച്ച് സഹകരണ നിയമം വകുപ്പ് 65 പ്രകാരം നടത്തിയ അന്വേഷണത്തിൽ ഉത്തരവാദികളാണെന്ന് കണ്ടെത്തിയിട്ടുള്ള ഭരണ സമിതി അംഗങ്ങൾ, സംഘം ജീവനക്കാർ എന്നിവർക്കെതിരെ സഹകരണ നിയമം വകുപ്പ് 68(1) പ്രകാരം ബാധ്യത നിശ്ചയിച്ച് വകുപ്പ് 68(2) പ്രകാരം സർചാർജ്ജ് ചുമത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. വകുപ്പ് 68(2) സർചാർജ്ജ് ഉത്തരവിന് എതിരെ ടി ഉത്തരവിൽ ഉൾപ്പെട്ട വ്യക്തികൾ ബഹു. കേരള ഹൈക്കോടതിയിൽ നിന്നും സമ്പാദിച്ച സ്റ്റേ നിലവിലുണ്ട്.

**(ബി)** ഇത്രയും ഭീമമായ സാമ്പത്തിക അഴിമതിയിൽ രാഷ്ട്രീയ നേതാക്കളുടെ പങ്ക് കൂടി അന്വേഷിച്ച് കുറ്റക്കാരെ ശിക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് തൃശ്ശൂർ ക്രൈം ബ്രാഞ്ച്, വിവിധ കേസുകളിലായി പ്രതിചേർത്തിട്ടുള്ള ബാങ്ക് മുൻ ഭരണ സമിതി അംഗങ്ങൾ, ബാങ്ക് ജീവനക്കാർ എന്നിവരെ അഴിമതി നിരോധന നിയമം പ്രകാരം വിചാരണ ചെയ്യുന്നതിലേക്കായി ക്രൈം ബ്രാഞ്ച് ആവശ്യപ്പെട്ടത് പ്രകാരം പ്രോസിക്യൂഷൻ അനുമതി ഉത്തരവുകൾ നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**